**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 157** **29-07-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീമതി ശാന്തകുമാരി കെ.** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി പൊതുമേഖല വ്യവസായ സ്ഥാപനങ്ങളെ പുനരുദ്ധരിച്ച് ലാഭകരമാക്കാൻ സാധിച്ചിരുന്നോ എന്നറിയിക്കാമോ; | (എ) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പൊതുമേഖലയിൽ തന്നെ സംരക്ഷിച്ച് നിലനിർത്തുന്നതിനും അവയുടെ വികസന പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകി കൊണ്ടുമുള്ള നടപടികളാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണം, വിപുലീകരണം മുതലായ പദ്ധതികൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള നടപടികളാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചിരുന്നത്. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും അനുവദിച്ചിരുന്നു. വിപണിയിൽ നേരിടുന്ന കടുത്ത മത്സരം കാരണം പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിടുന്ന പ്രത്യേകിച്ച് ടെക്സ്റ്റൈൽ മേഖലയിലുൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം പ്രത്യേകം ബഡ്ജറ്റിൽ വകയിരുത്തി നൽകിയിരുന്നു. ഓരോ സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ പ്രത്യേകം അവലോകനം ചെയ്ത് പ്രശ്നങ്ങൾക്ക് സമയോചിതമായി പരിഹാരം കണ്ടെത്തിയതിനാൽ സ്ഥാപനങ്ങളുടെ വിറ്റുവരവിലും, ലാഭത്തിലും വർദ്ധനവ് ഉണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങളുടെ ഭാവി വികസനത്തിന് രൂപം നൽകാൻ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ |

| | | | |
|---|---|---|---|
| | | | മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും സർക്കാർ അവലോകനം ചെയ്യുകയുണ്ടായി. മുൻ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ തുടർച്ചയായി ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം, വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം എന്നീ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ട് അടുത്ത ഒരു പത്ത് വർഷത്തെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടു കൊണ്ട് സമഗ്രമായ മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി മേഖല തിരിച്ച് കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാർ ഉൾപ്പെടുന്ന കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കമ്പനികൾ തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാനുകളുടെ അവതരണം മേഖലകൾ തിരിച്ച് അതാത് മാനേജിങ് ഡയറക്ടർമാർ അവതരിപ്പിച്ചു കഴിഞ്ഞു. കരട് മാസ്റ്റർ പ്ലാനുകളിന്മേൽ ഉന്നതതല വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശങ്ങളും, കമ്പനികളിലെ ഉദ്യോഗസ്ഥരുടെയും യൂണിയൻ പ്രതിനിധികളുടെയും കൂടി അഭിപ്രായങ്ങൾ പരിഗണിച്ചതിനുശേഷം അതാത് മേഖലകളിലെ വിദഗ്ദ്ധർ അടങ്ങുന്ന ഒരു സമിതി മുൻപാകെ വിദഗ്ദ്ധ പരിശോധനയ്ക്കായി നൽകുന്നതാണ്. വിദഗ്ദ്ധ സമിതിയുടെ പരിശോധനകൾക്ക് ശേഷം ആഗസ്റ്റ് മാസം 15 നകം അതാത് കമ്പനികളുടെ മാസ്റ്റർ പ്ലാനുകൾ സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. |
| (സി) | കേന്ദ്ര സർക്കാർ വിറ്റഴിക്കുന്ന സംസ്ഥാനത്തെ കേന്ദ്ര പൊതു മേഖല സ്ഥാപനങ്ങളെ വ്യവസായ വികസനത്തിൽ ഇവയുടെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനം ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ) എന്നിവയെ ഏറ്റെടുത്ത് പൊതുമേഖലയിൽ തന്നെ നിലനിർത്തുന്ന ബദൽ വികസന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നത്. ഇത് കൂടാതെ കേന്ദ്ര പൊതുമേഖല സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികൾ തുടർന്നു വരുന്നു. ഇതിൽ എച്ച്.എൻ.എൽനെ സംബന്ധിച്ച് NCLT, Kochi ബെഞ്ചിന്റെ വിധിപ്രകാരമുള്ള കോർപ്പറേറ്റ് ഇൻസോൾവൻസി റെസൊല്യൂഷൻ പ്ലാൻ പ്രകാരം 145.60 കോടി രൂപ കേരള സർക്കാർ നൽകി പ്രസ്തുത സ്ഥാപനത്തെ കിൻഫ്ര മുഖാന്തിരം |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. കമ്പനിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന്റെ ഭാഗമായി സാങ്കേതിക സമിതി രൂപീകരിച്ച് തുടർ നടപടികൾ പുരോഗമിക്കുന്നു. ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 51% ഓഹരികൾ സംസ്ഥാന സർക്കാറിന് കൈമാറുന്നതിനുള്ള അനുമതി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചതിനാൽ ഏറ്റെടുക്കൽ നടപടികൾ അന്തിമ ഘട്ടത്തിലാണ്. ടി സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനാവശ്യമായ വിശദമായ പദ്ധതി റിപ്പോർട്ട് എച്ച്.എം.റ്റിയുടെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ